# ALL INDIA RADIO THIRUVANANTHAPURAM

# ആകാശവാണി, തിരുവനന്തപുരം

# NATIONAL BULLETIN

**DATE: 08.01.2026** **TIME : 07.25 AM**

## പ്രധാന വാർത്തകൾ

1. 2027 ലെ സെൻസസിന്റെ ആദ്യ ഘട്ടത്തിനായി വിജ്ഞാപനം പുറപ്പെടുവിച്ച് കേന്ദ്രസർക്കാർ.

   **Central Government issues notification for the first phase of the 2027 Census.**

2. ഭീകരതയോടുള്ള വിട്ടുവീഴ്ചയില്ലാ നയം ആവർത്തിച്ചത് ഇന്ത്യയും ഇസ്രായേലും. ഇസ്രായേൽ പ്രധാനമന്ത്രിയുമായി പ്രധാനമന്ത്രി നരേന്ദ്ര മോദി ടെലിഫോൺ സംഭാഷണം നടത്തി.

   **India and Israel reiterate zero tolerance towards terrorism; Prime Minister Narendra Modi holds a telephonic conversation with the Israeli Prime Minister.**

3. ആഗോള രാഷ്ട്രീയത്തിൽ സ്ഥിരത കൈവരിക്കാൻ ഇന്ത്യയും ഫ്രാൻസും ഒന്നിച്ച് പ്രവർത്തിക്കണമെന്ന് വിദേശകാര്യ മന്ത്രി എസ്. ജയ്ശങ്കർ.

   **External Affairs Minister S. Jaishankar says India and France should work together to ensure stability in global politics.**

4. രാജ്യത്തെ മൊത്ത ആഭ്യന്തര ഉൽപ്പാദനം 7.4 ശതമാനം വളർച്ച കൈവരിക്കുമെന്ന് റിപ്പോർട്ട്.

   **Country's GDP estimated to grow by 7.4 per cent in current fiscal.**

5. കാലാവസ്ഥാ മുന്നറിയിപ്പിനെത്തുടർന്ന് കഴിഞ്ഞ മെയ് മാസം തൊഴിൽനഷ്ടം നേരിട്ട മത്സ്യത്തൊഴിലാളികൾക്ക്

നഷ്ടപരിഹാരം അനുവദിക്കാൻ സംസ്ഥാന മന്ത്രിസഭാ തീരുമാനം.

**State Cabinet decides to grant compensation to fishermen who suffered job losses in May due to weather warnings.**

6. **ഇന്ത്യ- ദക്ഷിണാഫ്രിക്ക അണ്ടർ - 19 പുരുഷ ഏകദിന ക്രിക്കറ്റ് പരമ്പരയിലെ മൂന്നാം മത്സരത്തിൽ ഇന്ത്യയ്ക്ക് 233 റൺസ് ജയം.**

**India registers a 233-run victory in the third match of the India–South Africa Under-19 Men's One-Day Cricket Series.**

******************************

## CENSUS 2027

2027 ലെ സെൻസസിന്റെ ആദ്യ ഘട്ടത്തിനായി വിജ്ഞാപനം പുറപ്പെടുവിച്ച് കേന്ദ്രസർക്കാർ. എല്ലാ സംസ്ഥാനങ്ങളിലും കേന്ദ്രഭരണ പ്രദേശങ്ങളിലും ഈ വർഷം ഏപ്രിൽ 1 നും സെപ്റ്റംബർ 30 നും ഇടയിൽ, 30 ദിവസത്തെ കാലയളവിൽ വീടുതോറുമുള്ള സർവേ നടത്തുമെന്ന് ആഭ്യന്തര മന്ത്രാലയം അറിയിച്ചു. രാജ്യത്തെ ആദ്യ പൂർണ്ണ ഡിജിറ്റൽ സെൻസസ് ആയിരിക്കും ഇത്. ആൻഡ്രോയിഡ്, iOS പ്ലാറ്റ്ഫോമുകളിൽ ലഭ്യമായ മൊബൈൽ ആപ്ലിക്കേഷനുകൾ വഴിയായിരിക്കും വിവരശേഖരണം. രണ്ട് ഘട്ടങ്ങളിലായി നടത്തുന്ന സെൻസസ് നടപടിക്രമങ്ങളിൽ ഏകദേശം 30 ലക്ഷം ഉദ്യോഗസ്ഥർ ഭാഗമാകും. ഭവന സെൻസസ് ഉൾപ്പെടുന്ന ആദ്യ ഘട്ടം 2026 ഏപ്രിൽ മുതൽ സെപ്റ്റംബർ വരെ നടക്കും. രണ്ടാം ഘട്ടമായ ജനസംഖ്യാ കണക്കെടുപ്പ് 2027 ഫെബ്രുവരിയിലായിരിക്കും നടക്കുക.

******************************

## PM – ISRAEL

ഭീകരതയോടുള്ള വിട്ടുവീഴ്ചയില്ലാ നയം ആവർത്തിച്ച് ഇന്ത്യയും ഇസ്രായേലും. പ്രധാനമന്ത്രി നരേന്ദ്ര മോദി ഇസ്രായേൽ പ്രധാനമന്ത്രി ബെന്യമിൻ നെതന്യാഹുവുമായി നടത്തിയ ടെലിഫോൺ സംഭാഷണത്തിൽ ഭീകരതയെ ചെറുക്കാനുള്ള പ്രതിബദ്ധത ഇരു രാജ്യങ്ങളും ആവർത്തിച്ചു. ഇന്ത്യ-ഇസ്രായേൽ തന്ത്രപരമായ പങ്കാളിത്തം കൂടുതൽ ശക്തിപ്പെടുത്തുന്നതിനുള്ള വഴികൾ ഇരു നേതാക്കളും ചർച്ച ചെയ്തു.

****************************************

## SOMNATH SWABHIMAN PARV

പ്രധാനമന്ത്രി നരേന്ദ്ര മോദി ഞായറാഴ്ച ഗുജറാത്തിലെ സോമനാഥ് ക്ഷേത്രം സന്ദർശിക്കും. സോമനാഥ് ക്ഷേത്രത്തിൽ ആക്രമണം നടന്നിട്ട് 2026 ൽ ആയിരം വർഷം തികയുന്ന പശ്ചാത്തലത്തിൽ സംഘടിപ്പിക്കുന്ന 'സോമനാഥ് സ്വാഭിമാൻ പർവ്'-പരിപാടിയിൽ അദ്ദേഹം പങ്കെടുക്കും. ഒരു വർഷം നീണ്ടുനിൽക്കുന്ന ആത്മീയ, സാംസ്കാരിക, സാമൂഹിക പ്രവർത്തനങ്ങൾ പർവിൻറെ ഭാഗമായി സംഘടിപ്പിക്കും.

****************************************

## JAISHANKAR – FRANCE (INTRO)

ആഗോള രാഷ്ട്രീയത്തിൽ സ്ഥിരത കൈവരിക്കാൻ ഇന്ത്യയും ഫ്രാൻസും ഒന്നിച്ച് പ്രവർത്തിക്കണമെന്ന് വിദേശകാര്യ മന്ത്രി എസ്. ജയ്ശങ്കർ. പാരീസിൽ ഫ്രഞ്ച് വിദേശകാര്യ മന്ത്രി ജീൻ-നോയൽ ബാരറ്റുമായുള്ള കൂടിക്കാഴ്ചയിലാണ് പരാമർശം. പരസ്പര സഹകരണം ശക്തിപ്പെടുത്തുന്നതിന് ചർച്ചകൾ അനിവാര്യമാണെന്നും ശ്രീ ജയശങ്കർ വ്യക്തമാക്കി.

(ഹോൾഡ്)

യൂറോപ്പുമായും യൂറോപ്യൻ യൂണിയനുമായുമുള്ള ഇന്ത്യൻ ബന്ധങ്ങൾക്ക് ഏറെ സാധ്യതകളുണ്ടെന്ന് വെയ്മർ ഫോർമാറ്റ് മീറ്റിംഗിൽ പങ്കെടുത്തുകൊണ്ട് ശ്രീ ജയ്ശങ്കർ പറഞ്ഞു.

****************************

## JAISANKAR PAK

പതിറ്റാണ്ടുകളായി തീവ്രവാദ പരിശീലന ക്യാമ്പുകളെ പരസ്യമായി പിന്തുണയ്ക്കുന്ന പാകിസ്ഥാനെ വിമർശിച്ച് വിദേശകാര്യ മന്ത്രി എസ്. ജയ്ശങ്കർ. പാകിസ്ഥാൻ തീവ്രവാദത്തെ പിന്തുണക്കുന്നതാണ് ഇരുരാജ്യങ്ങളും തമ്മിലുള്ള ബന്ധം മോശമായി തുടരാൻ കാരണമെന്നും അദ്ദേഹം വ്യക്തമാക്കി. ലക്സംബർഗിലെ ഇന്ത്യൻ സമൂഹത്തിലെ അംഗങ്ങളുമായി വിദേശകാര്യ മന്ത്രി സംവദിച്ചു .

****************************

## GDP-GROWTH

രാജ്യത്തെ മൊത്ത ആഭ്യന്തര ഉൽപ്പാദനം 7.4 ശതമാനം വളർച്ച കൈവരിക്കുമെന്ന് റിപ്പോർട്ട്. കഴിഞ്ഞ സാമ്പത്തിക വർഷം 6.5 ശതമാനം വളർച്ചയാണ് രേഖപ്പെടുത്തിയിരുന്നത്. നടപ്പു സാമ്പത്തിക വർഷം യഥാർത്ഥ ജിഡിപി 201 ലക്ഷം കോടി രൂപയിൽ കൂടുതലാകുമെന്നാണ് കണക്കുകൾ സൂചിപ്പിക്കുന്നത്. സേവന മേഖലയിലുണ്ടായ വളർച്ചയാണ് പ്രധാന ഘടകമായി വർത്തിച്ചതെന്നാണ് സ്ഥിതിവിവരക്കണക്ക് നിർവ്വഹണ മന്ത്രാലയത്തിന്റെ റിപ്പോർട്ടുകൾ സൂചിപ്പിക്കുന്നത്.

****************************

## PRAGATI

രാജ്യത്ത് സമയബന്ധിതമായ പദ്ധതി വികസനം ഉറപ്പാക്കുന്നതിനായി പ്രധാനമന്ത്രി നേരിട്ട് നേതൃത്വം നൽകുന്ന പ്രഗതി സംരംഭത്തിൻറെ 50-ാമത് യോഗം വിജയകരമായി സംഘടിപ്പിച്ചു. 2015-ലാണ് പ്രധാനമന്ത്രി നരേന്ദ്ര മോദി പ്രഗതിക്ക്

തുടക്കം കുറിച്ചത്. മഹാരാഷ്ട്രയിലെ സോലാപൂർ താപവൈദ്യുത പദ്ധതി സംബന്ധിച്ചാണ് പ്രഗതിയുടെ മുന്നേറ്റത്തെക്കുറിച്ചുള്ള പ്രത്യേക പരമ്പരയിൽ ഇന്ന്. 11,406 കോടി രൂപ ചെലവ് വരുന്ന 1,320 മെഗാവാട്ട് പദ്ധതിയാണ് മഹാരാഷ്ട്രയിലെ സോളാപൂർ സൂപ്പർ തെർമൽ പവർ സ്റ്റേഷൻ. പ്രാദേശിക ഊർജ്ജ സുരക്ഷയ്ക്ക് ഒരു പ്രധാന ഉത്തേജനമായി മാറിയ ഈ പദ്ധതി പ്രഗതി അവലോകന സംവിധാനത്തിലൂടെയുള്ള സമയോചിതമായ ഇടപെടലൂടെയാണ് പൂർത്തീകരിച്ചത്.

****************************

## OPERATION SINDOOR PAKISTAN

ഓപ്പറേഷൻ സിന്ദൂർ പാകിസ്ഥാനെ സാരമായി ബാധിച്ചതായി അമേരിക്കയുടെ ഫോറിൻ ഏജന്റുമാരുടെ രജിസ്ട്രേഷൻ ആക്ട് പ്രകാരം പുറത്തിറക്കിയ രേഖകൾ വ്യക്തമാക്കുന്നു. കൂടുതൽ നിക്ഷേപങ്ങൾ, നിർണായക ധാതുക്കൾ തുടങ്ങിയവ വാഗ്ദാനം ചെയ്ത് പാകിസ്ഥാൻ അമേരിക്കയോട് സഹായം അഭ്യർത്ഥിച്ചതായും രേഖകളിൽ പറയുന്നു.

****************************

## BREAK

ഈ വാർത്തകൾ ആകാശവാണിയിൽ നിന്ന്....

(ബ്രേക്ക്)

****************************

## GADKARI BITUMEN (INTRO)

വാണിജ്യാടിസ്ഥാനത്തിൽ ബയോ-ബിറ്റുമെൻ ഉത്പാദിപ്പിക്കുന്ന ലോകത്തിലെ ആദ്യത്തെ രാജ്യമായി ഇന്ത്യ മാറിയതായി കേന്ദ്ര മന്ത്രി നിതിൻ ഗഡ്കരി. CSIR-ന്റെ സാങ്കേതിക വിദ്യ കൈമാറ്റ ചടങ്ങിൽ സംസാരിക്കുകയായിരുന്നു അദ്ദേഹം. കാർഷിക

മാലിന്യങ്ങളെ മൂല്യവത്തായ ദേശീയ വിഭവമാക്കി പരിവർത്തനം ചെയ്യാൻ സാധിക്കുമെന്നും, ഇത് റോഡ്, അടിസ്ഥാന സൗകര്യ വികസനത്തിൽ ഒരു നാഴികകല്ലാണെന്നും കേന്ദ്രമന്ത്രി പറഞ്ഞു.

(ഹോൾഡ് വോയ്സ്........)

****************************

## CABINET BRIEFING

പത്തനംതിട്ട ജില്ലയിൽ 2023 മുതൽ പ്രകൃതി ദുരന്തത്തിൽ വീടുകൾക്ക് പൂർണമായോ/ഭാഗികമായോ നാശനഷ്ടം സംഭവിച്ച 143 ദുരന്തബാധിതർക്കായി 58 ലക്ഷത്തി 45,500 രൂപ മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്ന് പത്തനംതിട്ട ജില്ലാ കളക്ടർക്ക് അനുവദിക്കാൻ സംസ്ഥാന മന്ത്രിസഭാ യോഗം തീരുമാനിച്ചു. മത്സ്യബന്ധനം നിരോധിച്ചുകൊണ്ടുള്ള കാലാവസ്ഥാ മുന്നറിയിപ്പിനെത്തുടർന്ന് 2025 മെയ് 18 നും 31 നും ഇടയിൽ നഷ്ടപ്പെട്ട 14 തൊഴിൽ ദിവസങ്ങൾക്ക് നഷ്ടപരിഹാരം നൽകാനും തീരുമാനമായി. ഒരു ലക്ഷത്തി 72,000-ലധികം മത്സ്യത്തൊഴിലാളികൾക്കും അനുബന്ധ കുടുംബങ്ങൾക്കും വിതരണം ചെയ്യുന്നതിനായി മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്ന് 48 കോടി രൂപ അനുവദിക്കും. സപ്ലൈകോ വഴി സംഭരിക്കുന്ന നെല്ലിൻ്റെ സംഭരണ വില കിലോഗ്രാമിന് 30 രൂപയായി ഉയർത്തിയ ഉത്തരവിന് 2025 ഒക്ടോബർ 20 മുതൽ മുൻകാല പ്രാബല്യം നൽകാനും അനുമതിയായി.

****************************

## NIYAMASABHA – BOOK FEST

കേരള നിയമസഭാ അന്താരാഷ്ട്ര പുസ്തകോത്സവത്തിൻറെ നാലാം പതിപ്പ് ഇന്നലെ മുഖ്യമന്ത്രി പിണറായി വിജയൻ ഇന്നലെ തിരുവനന്തപുരത്ത് ഉദ്ഘാടനം ചെയ്തു. കോളേജ് വിദ്യാർഥിനികൾക്കായി സംഘടിപ്പിക്കുന്ന മാതൃകാ നിയമസഭ മന്ത്രി വീണാ ജോർജ് ഇന്ന് ഉദ്ഘാടനം ചെയ്യും. പുസ്തകപ്രകാശനങ്ങൾ,

പുസ്തകചർച്ചകൾ, സംവാദങ്ങൾ, എഴുത്തുകാരുമായുള്ള അഭിമുഖങ്ങൾ, തുടങ്ങിയവ ആറ് വേദികളിലായി നടക്കും. വൈകുന്നേരങ്ങളിൽ മെഗാ ഷോ, തെയ്യം, കളരിപ്പയറ്റ്, തുടങ്ങിയവും പുസ്തകോത്സവത്തിൻറെ ഭാഗമായി അരങ്ങേറും. ഈ മാസം 13 വരെയാണ് പുസ്തകോത്സവം.

****************************

## TOURISM- KOVALAM

ഗ്ലോബൽ ഹ്യൂമൻ റിസോഴ്സ് ഡെവലപ്മെന്റ് സെന്റർ റാങ്കിംഗിൽ തിളങ്ങി ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഹോട്ടൽ മാനേജ്മെന്റ് ആൻഡ് കാറ്ററിംഗ് ടെക്നോളജി. കേന്ദ്ര ടൂറിസം മന്ത്രാലയത്തിന് കീഴിൽ തിരുവനന്തപുരം കോവളത്ത് പ്രവർത്തിക്കുന്ന സ്ഥാപനം കേരളത്തിൽ ഗവണ്മെന്റ് മേഖലയിൽ പ്രവർത്തിക്കുന്ന ഹോട്ടൽ മാനേജ്മെന്റ് സ്ഥാപനങ്ങളിൽ ഒന്നാം സ്ഥാനവും, ദേശീയ തലത്തിൽ എട്ടാം സ്ഥാനവുമാണ് കരസ്ഥമാക്കിയത്.

****************************

## SIR

SIR-ൻറെ ഭാഗമായുള്ള കരട് വോട്ടർ പട്ടികയുമായി ബന്ധപ്പെട്ട പരാതികളും, എതിർപ്പുകളും ഈ മാസം 22 വരെ സമർപ്പിക്കാം. voters.eci.gov.in, ceo.kerala.gov.in വെബ്സൈറ്റുകളിൽ കരട് പട്ടിക ലഭ്യമാണ്.

****************************

## U19 CRICKET

ഇന്ത്യ- ദക്ഷിണാഫ്രിക്ക അണ്ടർ - 19 പുരുഷ ഏകദിന ക്രിക്കറ്റ് പരമ്പരയിൽ ഇന്ത്യയ്ക്ക് സമ്പൂർണ്ണ വിജയം. മൂന്നാമത്തെയും അവസാനത്തെയും മത്സരത്തിൽ ഇന്ത്യ 233 റണ്ണിൻറെ വിജയമാണ് നേടിയത്. ഇന്ത്യക്കായി ആരോൺ ജോർജ്ജും വൈഭവ് സൂര്യവൻശിയും സെഞ്ചുറി നേടി.

****************************

## ICC WOMENS 20 WORLDCUP

2026 ലെ ഐ.സി.സി വനിതാ ട്വൻറി -20 ലോകകപ്പിൻറെ യോഗ്യതാ മൽസരക്രമം പ്രഖ്യാപിച്ചു. ഈ മാസം 14 മുതൽ ഫെബ്രുവരി ഒന്ന് വരെ നേപ്പാളിലാണ് മൽസരങ്ങൾ. ടൂർണമെൻറിലെ അവസാന നാല് സ്ഥാനങ്ങൾക്കായി പത്ത് ടീമുകളാണ് മത്സരരംഗത്തുള്ളത്.

****************************

## MALAYSIA OPEN

മലേഷ്യ ഓപ്പൺ സൂപ്പർ 1000 ബാഡ്മിന്റണിൽ വനിതാ സിംഗിൾസ് ആദ്യ റൗണ്ട് മത്സരത്തിൽ ഇന്ത്യയുടെ പിവി സിന്ധുവിന് വിജയം. ചൈനീസ് തായ്വേയിയുടെ സുങ്ഷുവോ യുണിനെ 21-13, 22-20 എന്ന സ്കോറിന് പരാജയപ്പെടുത്തിയാണ് സിന്ധു രണ്ടാം റൗണ്ടിലേയ്ക്ക് കടന്നത്. അടുത്ത റൗണ്ടിൽ സിന്ധു ജപ്പാന്റെ ടോമോക മിയാസാക്കിയെ നേരിടും.

****************************

## US OIL TANKERSEIZED

റഷ്യൻ പതാകയേന്തിയ 'മാരിനേര' എണ്ണക്കപ്പൽ പിടിച്ചെടുത്ത് അമേരിക്ക. ഉപരോധം ലംഘിച്ച് വെനസ്വേലയിൽ നിന്ന് എണ്ണക്കടത്ത് നടത്തുന്നതായി ആരോപിച്ചാണ് നടപടി. രണ്ടാഴ്ചയോളം പിന്തുടർന്ന ശേഷം വടക്കൻ അറ്റ്ലാന്റിക് സമുദ്രത്തിൽ വെച്ചാണ് കപ്പൽ പിടിച്ചെടുത്തത്. യുഎസ് നീതിന്യായ വകുപ്പും ആഭ്യന്തര സുരക്ഷാ വകുപ്പും സൈന്യവുമായി ഏകോപിപ്പിച്ചാണ് നടപടി സ്വീകരിച്ചതെന്ന് യുഎസ് യൂറോപ്യൻ കമാൻഡ് അറിയിച്ചു. 'അതേസമയം മറ്റ് രാജ്യങ്ങളുടെ അധികാരപരിധിയിൽ രജിസ്റ്റർ ചെയ്തിട്ടുള്ള കപ്പലുകൾ തടയാൻ ഒരു രാജ്യത്തിനും അവകാശമില്ലെന്ന് റഷ്യ പ്രതികരിച്ചു.

***************************************************************************************